**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3045** **04-08-2021 - ൽ മറുപടിയ്ക്ക്**

**പുതിയ വികസന വകുപ്പ് യാഥാർത്ഥ്യമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ വകുപ്പുകളുടെ ഏകോപനമില്ലായ്മയും ജീവനക്കാർക്കിടയിലെ ശുഷ്കാന്തിക്കുറവും വിവിധ പദ്ധതികളുടെ നടത്തിപ്പിന് നേരിടേണ്ടി വന്ന പ്രതിബന്ധങ്ങളായിരുന്നു എന്നത് ഈ സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; | (എ) | പദ്ധതികളുടെ പുരോഗതി ചുമതല ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിലുള്ള സെൻട്രൽ പ്ലാൻ മോണിറ്ററിംഗ് യൂണിറ്റ് ആണ് നിർവ്വഹിച്ചുപോന്നിരുന്നത്. എന്നാൽ പശ്ചാത്തല സൗകര്യ വികസന രംഗത്ത് വലിയ കുതിച്ചുചാട്ടം നടത്തിക്കൊണ്ടിരിക്കുന്ന വേളയിൽ ബൃഹത് പദ്ധതികളുടെ അടക്കം പുരോഗതി അവലോകനം ചെയ്ത് തൽസമയം വകുപ്പ് മന്ത്രിമാരേയും മുഖ്യമന്ത്രിയേയും അറിയിക്കുന്നതിന് സഹായകരമായ സംവിധാനം ആവശ്യമാണ്. ഇതിനായാണ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്യുവേഷൻ ആന്റ് മോണിറ്ററിംഗ് വകുപ്പ് രൂപീകരിച്ചത്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഒരു സെക്രട്ടറിതല ഉദ്യോഗസ്ഥന്റെ കീഴിലാണ് വകുപ്പ് രൂപീകരിച്ചിട്ടുള്ളത്. പദ്ധതികളെ പറ്റി വിവരം ശേഖരിക്കുന്നതിനും പദ്ധതികളുടെ ഗുണഫലങ്ങളും പ്രത്യാഘാതങ്ങളും വിശകലനം ചെയ്ത് ആവശ്യമായ തുടർനടപടികളും സ്വീകരിക്കുകയുമാണ് വകുപ്പിന്റെ ചുമതല. |
| (ബി) | എങ്കിൽ റോഡുവികസനം ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പിലുണ്ടാകുന്ന കാലവിളംബം ഒഴിവാക്കാനായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പുതിയ വികസന വകുപ്പ് യാഥാർത്ഥ്യമാക്കാനും ബൃഹദ് പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിനുമായി സ്വീകരിക്കുന്ന തുടർ നടപടികളും പ്രവർത്തനങ്ങളും എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) | പദ്ധതികളുടെ പുരോഗതി ചുമതല ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിലുള്ള സെൻട്രൽ പ്ലാൻ മോണിറ്ററിംഗ് യൂണിറ്റ് ആണ് നിർവ്വഹിച്ചുപോന്നിരുന്നത്. എന്നാൽ പശ്ചാത്തല സൗകര്യ വികസന രംഗത്ത് വലിയ കുതിച്ചുചാട്ടം നടത്തിക്കൊണ്ടിരിക്കുന്ന വേളയിൽ ബൃഹത് പദ്ധതികളുടെ അടക്കം പുരോഗതി അവലോകനം ചെയ്ത് തൽസമയം വകുപ്പ് മന്ത്രിമാരേയും മുഖ്യമന്ത്രിയേയും അറിയിക്കുന്നതിന് സഹായകരമായ സംവിധാനം ആവശ്യമാണ്. ഇതിനായാണ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്യുവേഷൻ ആന്റ് മോണിറ്ററിംഗ് വകുപ്പ് രൂപീകരിച്ചത്. പദ്ധതികൾ സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുന്നതിന് ഒരു സെക്രട്ടറിതല ഉദ്യോഗസ്ഥന്റെ കീഴിലാണ് വകുപ്പ് രൂപീകരിച്ചിട്ടുള്ളത്. പദ്ധതികളെ പറ്റി വിവരം ശേഖരിക്കുന്നതിനും പദ്ധതികളുടെ ഗുണഫലങ്ങളും പ്രത്യാഘാതങ്ങളും വിശകലനം ചെയ്ത് ആവശ്യമായ തുടർനടപടികളും സ്വീകരിക്കുകയുമാണ് വകുപ്പിന്റെ ചുമതല. |

സെക്ഷൻ ഓഫീസർ